**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1238** **18-01-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സർക്കാർ നടപ്പാക്കിവരുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കുന്ന വിവിധ പദ്ധതികളും, ഇവയ്ക്കായി ചെലവഴിക്കുന്ന തുകയുടെയും വിശദാംശങ്ങളും വ്യക്തമാക്കാമോ; | (എ) | സർക്കാർ നടപ്പാക്കിവരുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി സർക്കാർ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി വഴി നടപ്പിലാക്കുന്ന ഒന്നാം ഘട്ടപദ്ധതിയിൽ 5കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 141 സ്കൂളുകൾ 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 220 സ്കൂളുകൾ രണ്ടാം ഘട്ടപദ്ധതിയിൽ 3 കോടി - കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 166 സ്കൂളുകൾ 1കോടി - കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 446 സ്കൂളുകൾ . എയ്ഡഡ് സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ചലഞ്ച് ഫണ്ട് നൽകിവരുന്നു. |
| (ബി) | ഈ ഓരോ പദ്ധതിയിലുമുൾപ്പെടുത്തിയിട്ടുള്ള റാന്നി നിയോജക മണ്ഡലത്തിലെ സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇവയിൽ എത്ര സ്കൂളുകളുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ഏതൊക്കെ; നിർമ്മാണം സംബന്ധിച്ച നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (ബി) | റാന്നി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. 5കോടി കിഫ്ബി ഫണ്ട് ജി.എച്ച്.എസ്.എസ്. വെച്ചൂച്ചിറ കോളനി - നിർമ്മാണം പൂർത്തിയായി വരുന്നു. 3 കോടി കിഫ്ബി ഫണ്ട് ജി.എച്ച്.എസ്.എസ്. എഴുമറ്റൂർ, ജി.എച്ച്.എസ്.എസ്. എടമുറി എന്നീ സ്കൂളുകളുടെ ഡിപിആർ കിഫ്ബി അംഗീകരിച്ച് നിർമ്മാണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ